DESPATCHED
On....26/05/2020

4.3.20.

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
## തിരുവനന്തപുരം_695 001

Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic.ker@nic.in

**ഹർജി നമ്പർ AP.No.1153(6)/2016/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.6272/SIC-Gen5/2016**

സന്നിഹിതൻ
ശ്രീ.വിൻസൻ എം.പോൾ, മുഖ്യവിവരാവകാശ കമ്മീഷണർ

ശ്രീ. രാരൻ കണ്ടത്ത് അബുബക്കർ
S/o രാരൻ കണ്ടത്ത് കുഞ്ഞു മുഹമ്മദ്ഹാജി,
തൃക്കണാപുരം പി.ഒ.,
മലപ്പുറം – 679 573.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & സബ് രജിസ്ട്രാർ,
   സബ് രജിസ്ട്രാർ ഓഫീസ്,
   കുറ്റിപ്പുറം, മലപ്പുറം – 679 571.

2. അപ്പീൽ അധികാരി & ജില്ലാ രജിസ്ട്രാർ(ജനറൽ),
   ജില്ലാ രജിസ്ട്രാർ (ജനറൽ) ഓഫീസ്,
   സിവിൽ സ്റ്റേഷൻ, മലപ്പുറം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 10/03/2016 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 15/03/2016 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 31/03/2016 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 23/04/2016 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 20/05/2016 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി | 23/05/2016 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 13/06/2016, 24/2/2020 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 02/03/2020 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 03/03/2020 – വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, മലപ്പുറം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം:അപ്പീൽ ഹർജിക്കാരൻ | ഹാജരായില്ല |
| എസ്.പി.ഐ.ഒ. | ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. രാരൻ കണ്ടത്ത് അബുബക്കർ, കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട ആധാരങ്ങളുടെ

പകർപ്പിന് പേജൊന്നിന് 2/- രൂപ നിരക്കിൽ നൽകണമെന്ന് സംസ്ഥാന വിവരാവകാശ കമ്മീഷന്റെ ഉത്തരവുണ്ടായിട്ടും അത്തരത്തിലുള്ള രേഖയ്ക്ക് ഉയർന്ന നിരക്കിലുള്ള തുക ഒടുക്കുവാനാണ് ടിയാനോട് നിർദ്ദേശിച്ചതെന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് 137/1912, 261/1920, 1423/1933, 699/1951, 1295/1957, 238/1958, 1166/1969 എന്നീ ആധാരങ്ങളുടെ പകർപ്പുകൾ നൽകണമെന്നാണ്. മേൽപ്പടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ രജിസ്ട്രേഷൻ നിയമം 78(1) പ്രകാരം നൽകാവുന്നതാണെന്നും ആയതിനാൽ ഹർജിക്കാരൻ ആവശ്യപ്പെട്ട 7 പകർപ്പുകൾക്ക് ഓരോന്നിനും 300/- രൂപ വീതം ഫീസ് ഒടുക്കേണ്ടതാണെന്നാണ്. ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാൻ ആവശ്യപ്പെട്ട രേഖകൾക്ക് ഒന്നാം എതിർകക്ഷി നിർദ്ദേശിച്ച ഫീസ് നിയമാനുസൃതമല്ല എന്നും ആയതിനാൽ വിവരാവകാശ നിയമപ്രകാരമുള്ള നിരക്കിൽ മേൽപ്പടി രേഖകൾ നൽകേണ്ടതാണെന്നുമാണ്. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട ആധാര പകർപ്പുകൾ ലഭിക്കുന്നതിന് 1903-ലെ രജിസ്ട്രേഷൻ ആക്ട് 78(1) പ്രകാരം പ്രത്യേക ഫീസ് നിശ്ചയിച്ചിട്ടുള്ളതിനാൽ ആയതുപ്രകാരമുള്ള ഫീസ് ഒടുക്കേണ്ടതാണെന്നും അത്തരത്തിലുള്ള ഫീസാണ് ഒന്നാം എതിർകക്ഷി ചൂണ്ടിക്കാട്ടിയിട്ടുള്ളത് എന്നും ആയതിനാൽ ഒന്നാം എതിർകക്ഷി നൽകിയിട്ടുള്ള മറുപടി നിയമാനുസൃതമാണെന്നുമാണ്.

3. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾ സംബന്ധിച്ച രജിസ്ട്രേഷൻ നിയമപ്രകാരമുള്ള ഫീസ് ഒടുക്കുവാനാണ് ഒന്നാം എതിർകക്ഷി നിർദ്ദേശിച്ചിട്ടുള്ളത് എന്നു കാണുന്നു. ആയത് വിവരാവകാശ നിയമപ്രകാരം അംഗീകരിക്കത്തക്കതല്ല. വിവരാവകാശ നിയമത്തിലെ 7(5) വകുപ്പുപ്രകാരം വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെടുന്ന രേഖകൾ സംബന്ധിച്ച് ഈടാക്കേണ്ട ഫീസ് ന്യായമായിരിക്കണമെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. അപ്രകാരം തന്നെ റിട്ട് പെറ്റീഷൻ (സിവിൽ) നം. 194/2012-ൽ 20/3/2018 തീയതി ബഹു. സുപ്രീം കോടതി പുറപ്പെടുവിച്ച വിധിയിൽ വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെടുന്ന രേഖകൾക്ക് പേജൊന്നിന് 5/- രൂപയിൽ കൂടുതൽ സാധാരണയായി ഈടാക്കരുത് എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. കൂടാതെ ബഹു. കേരള ഹൈക്കോടതി ഡബ്ല്യു.പി.(സി) നം.18118/17 കേസിൽ വ്യക്തമാക്കിയിട്ടുള്ളത് വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെടുന്ന രേഖകൾക്ക് ബന്ധപ്പെട്ട വകുപ്പോ അധികാര സ്ഥാനമോ നിശ്ചയിച്ചിട്ടുള്ള ഫീസ് ഈടാക്കാൻ പാടുള്ളതല്ല എന്നും വിവരാവകാശ നിയമപ്രകാരമുള്ള ഫീസ് മാത്രമേ ഈടാക്കാവു എന്നുമാണ്.

4. മേൽപ്പടി സാഹചര്യത്തിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾക്ക് പേജൊന്നിന് 2/- രൂപ ഈടാക്കി ആയത് ഹർജിക്കാരന് നൽകണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

5. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 മാർച്ച് 4–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM

us